# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3316        19.06.2019 -ലെ മറുപടിയ്ക്ക്**

## രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ. ജോസഫ്<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ. എൻ. ജയരാജ് | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായ പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാനിൽ (റൂസ) എയ്ഡഡ് കോളേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആയതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; | (എ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായ പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാനിൽ (റൂസ) എയ്ഡഡ് കോളേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. RUSA - MHRD നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. എയ്ഡഡ് സ്ഥാപനങ്ങൾക്കായി രണ്ട് പ്രധാന ഘടകങ്ങളാണ് നിലവിലുള്ളത് - ഘടകം 8-ഉം, 9-ഉം. ഘടകം 8-ൽ ഉൾപ്പെടണമെങ്കിൽ സ്ഥാപനം സ്വയംഭരണ പദവിയുള്ളതും കാലാവധി തീരാത്ത നാക് ഗ്രേഡ് 3.51, അല്ലെങ്കിൽ അതിനു മുകളിലുമായിരി ക്കണം. ഘടകം 9-ൽ ഉൾപ്പെടണമെങ്കിൽ കാലാവധി തീരാത്ത 2.5 നും 3.5 നും ഇടയിൽ നാക് ഗ്രേഡ് ഉണ്ടായിരിക്കണം. അതോടൊപ്പം റൂസ 1-ാം ഘട്ടത്തിൽ അംഗത്വം ലഭിച്ച സ്ഥാപനങ്ങളെ 2-ാം ഘട്ടത്തിലേക്ക് പരിഗണിക്കുകയുമില്ല. |
| (ബി) | റൂസ ഫണ്ട് ലഭിക്കുന്നതിന് സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ ഉണ്ടായിരിക്കുന്ന സാമ്പത്തിക അനുപാതം വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ 5 എയ്ഡഡ് സ്വയംഭരണ കോളേജുകൾക്കാണ് ഘടകം 8-ൽ ഉൾപ്പെടുത്തി റൂസ ഫണ്ട് ലഭിക്കുന്നത്. ആകെ 5 കോടി രൂപയാണ് കോളേജിന് ലഭിക്കുന്നത്. അതിൽ 60 ശതമാനം തുക RUSA – MHRD – യും 40 ശതമാനം തുക സംസ്ഥാന സർക്കാരുമാണ് നല്കുന്നത്. |

| | | | |
|---|---|---|---|
| | | | അതായത് 3 കോടി രൂപ കേന്ദ്ര വിഹിതവും 2 കോടി രൂപ സംസ്ഥാന വിഹിതവും. |
| (സി) | നാകി'ന്റെ അക്രഡിറ്റേഷന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ; | (സി) | ഗ്രേഡിംഗിന് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.<br>1. ക്രൈറ്റീരിയൻ തിരിച്ചുള്ള വിശകലനം<br>2.കരിക്കുലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ<br>3. റ്റീച്ചിംഗ്- ലേണിംഗ് വിലയിരുത്തൽ<br>4. അടിസ്ഥാനസൗകര്യങ്ങളും ലേണിംഗ് റിസോഴ്സുകളും<br>5. സ്റ്റുഡൻറ്സ് സപ്പോർട്ടും പുരോഗതിയും<br>6. ഗവേർണൻസ്, ലീഡർഷിപ്പ് , മാനേജ്മെൻറ് എന്നിവ<br>7. ഗവേഷണം, കൺസൾട്ടൻസി & എക്സ്റ്റൻഷൻ<br>8. ഇന്നവേഷനുകളും നല്ല പ്രവണതകളും<br>9. മൊത്തമായ വിലയിരുത്തൽ |
| (ഡി) | സംസ്ഥാനത്ത് പുതിയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസവകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) | കോളേജുകളും കോഴ്സുകളും അനുവദിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ.